दूरभाष / Phone: 0481-2301231, ऐक्स्टे/Extension-346 फैक्स / FAX: 0481-2574902 ई-मेल / e-mail: ppr@rubberboard.org.in वेबसाइट / website: www.rubberboard.org.in

रबड़ बोर्ड
(भारत सरकार, वाणिज्य एवं उद्योग मंत्रालय)
पी.बी.नं.1122, सब् जेल रोड, कोट्टयम 686 002
केरल राज्य, भारत

प्रचार व जनसंपरक प्रभाग

THE RUBBER BOARD
(Government of India, Ministry of Commerce & Industry)
P.B.NO.1122, SUB JAIL ROAD, KOTTAYAM - 686 002
KERALA STATE, INDIA.

PUBLICITY AND PUBLIC RELATIONS DIVISION

Ref.No.P/PR/2009-10/31/(M)

<u>പ്രസ്സ് റിലീസ്</u>

## റബ്ബറിൽ എത്തഫോൺ പ്രയോഗം –ആശങ്കവേണ്ട

കോട്ടയം
01 ജനുവരി 2010

റബ്ബർമരങ്ങളിൽ ശുപാർശ ചെയ്തിരിക്കുന്ന അളവിലും രീതിയിലും എത്തഫോൺ എന്ന ഉത്തേജകൗഷധം പ്രയോഗിക്കുന്നതിൽ കർഷകർ ആശങ്കപ്പെടേണ്ടതില്ല. മറിച്ചുള്ള പ്രചാരണങ്ങൾ അടിസ്ഥാനരഹിതമാണ്. റബ്ബർമരങ്ങളിലെ എത്തഫോൺ പ്രയോഗത്തെപ്പറ്റി കർഷകർക്ക് തെറ്റിദ്ധാരണയുണ്ടാക്കുന്ന തരത്തിൽ ചില വാർത്തകൾ പ്രചരിക്കുന്ന സാഹചര്യത്തിലാണ് ബോർഡ് ഈ വിശദീകരണം നൽകുന്നത്.

ലോകമെമ്പാടും പല കാർഷികവിളകളിലും എത്തഫോൺ കാലാകാലങ്ങളായി ഉപയോഗിച്ചുവരുന്നുണ്ട്. ഇന്ത്യയിൽ വിവിധ വിളകളിലെ ഇതിന്റെ ഉപയോഗം കാർഷിക സർവ്വകലാശാലകളുടെ ശുപാർശപ്രകാരമാണ്; റബ്ബറിൽ റബ്ബർബോർഡിന്റെ ശുപാർശപ്രകാരവും. ഇതിൽ പ്രധാനമാണ് പലയിനം ഫലവർഗ്ഗങ്ങൾ പഴുപ്പിക്കുന്നതിനായി എത്തഫോൺ ഉപയോഗിക്കുന്നത്. പൈനാപ്പിൾ(കന്നാര)കൃഷി ധാരാളമുള്ള കേരളത്തിൽ ചെടികൾ ഒരേസമയം പൂവിടുന്നതിനായി 19% വീര്യമുള്ള എത്തഫോൺ കൂമ്പിൽ ഒഴിക്കാറുണ്ട്. രാസവസ്തുക്കളുടെ ഉപയോഗത്തിൽ കർശനനിയന്ത്രണമുള്ള അമേരിക്കയിൽ പോലും ഫലവർഗ്ഗങ്ങൾ, പച്ചക്കറി, മറ്റുവിളകൾ എന്നിവയിൽ ഹെക്ടർപ്രതി 2 കിലോഗ്രാം വരെ എത്തഫോൺ സ്പ്രേ ആയി ഉപയോഗിക്കുന്നു. എന്നാൽ നമ്മുടെ നാട്ടിൽ റബ്ബറിൽ ഇതിന്റെ പരമാവധി ഉപയോഗം ഹെക്ടറിന് 250 ഗ്രാം മാത്രമാണ്.

എത്തഫോണിൽ അടങ്ങിയിരിക്കുന്ന 2–ക്ളോറോ ഈതൈൽ ഫോസ്ഫോണിക് ആസിഡ് മണ്ണിൽ വീഴുമ്പോഴും ചെടിയിൽ പ്രവേശിക്കുമ്പോഴും വിഘടിച്ച് ഒരു സസ്യഹോർമോണായ എതിലിൻ വാതകവും ദോഷഫലങ്ങളില്ലാത്ത ക്ളോറൈഡ്, ഫോസ്ഫേറ്റ് എന്നിവയുമായി മാറുന്നു. ഈ വിഘടിതവസ്തുക്കൾ ഒന്നും തന്നെ മാരകമല്ല, പരിസരമലിനീകരണം സൃഷ്ടിക്കാൻ പോന്നവയുമല്ല.

റബ്ബറിൽ ഇടവേളകൂടിയ ടാപ്പിങ്, നാലിലൊന്നു ചുറ്റളവു മാത്രമുള്ള വെട്ടുചാലിട്ട് നിയന്ത്രിതകമിഴ്ത്തിവെട്ട് (Controlled Upward Tapping–സി.യു.റ്റി.) എന്നിവ നടത്തുമ്പോൾ ഉണ്ടാകാവുന്ന ഉത്പാദനനഷ്ടം കുറയ്ക്കാൻ വേണ്ടിമാത്രമാണ് എത്തഫോൺ പ്രയോഗശുപാർശ. ഇതിന് 2.5% അല്ലെങ്കിൽ 5.0% വീര്യം മാത്രമുള്ള എത്തഫോൺ മതിയാകും. രണ്ടു ടാപ്പിങ്ങുകൾ തമ്മിലുള്ള ഇടവേള കൂടുതലുള്ളതിനാൽ ഓരോ ടാപ്പിങ്ങിലും ഒഴുകിപ്പോന്ന പാൽ മുഴുവൻ മരത്തിൽ വീണ്ടും ഉത്പാദിപ്പിക്കുവാൻ കൂടുതൽ സമയം ലഭിക്കുന്നതിനാൽ മരത്തിന് ഗുണകരവുമാണ്.

ദിവസേന, ഒന്നിരാടൻ എന്നീ കാഠിന്യംകൂടിയ രീതികളിൽ ടാപ്പുചെയ്യുന്ന അത്യുത്പാദനശേഷിയുള്ള ആർആർഐഐ 105, പിബി 235 തുടങ്ങിയ മരങ്ങൾക്ക് ആ രീതി തന്നെ വൻതോതിൽ പട്ടമരപ്പ് ഉണ്ടാക്കും. ഇത്തരം മരങ്ങളിൽ എത്തഫോൺ പ്രയോഗിച്ചാൽ പട്ടമരപ്പ് കൂടും. എന്നാൽ ഇതേയിനങ്ങൾക്ക് ഇടവേള കൂടിയ രീതി അവലംബിക്കുമ്പോൾ, 2.5% വീര്യമുള്ള എത്തഫോൺ ശുപാർശപ്രകാരം പ്രയോഗിച്ച് ദീർഘകാലം ടാപ്പു ചെയ്തിട്ടും പട്ടമരപ്പ് 5–7% മാത്രമായിട്ടാണ് കാണുന്നത്. റബ്ബർതടിയുടെ ഭൗതികരാസഘടനയിൽ എത്തഫോൺ പ്രയോഗം കാര്യമായ ഒരു വ്യതിയാനവും വരുത്തുന്നില്ല എന്നാണ് പഠനങ്ങൾ കാണിക്കുന്നത്.

റബ്ബർകർഷകർ, റബ്ബർമരങ്ങളിൽ ഉപയോഗിക്കുവാനുള്ള എത്തഫോൺ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിന്റെ വിവരങ്ങൾ ഉത്പന്നത്തോടൊപ്പം നൽകിവരുന്നു. ടാപ്പിങ് ഇടവേളക്കും രീതികൾക്കും അനുയോജ്യമായി, ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന തോതിലും തവണകളിലും എത്തഫോൺ പ്രയോഗിക്കുന്നതിൽ കൃഷിക്കാർ ഒരു തരത്തിലും ആശങ്കപ്പെടേണ്ടതില്ല.

എം.ജി. സതീഷ്ചന്ദ്രൻ നായർ
ഡെപ്യൂട്ടി ഡയറക്ടർ
(പബ്ലിസിറ്റി & പബ്ലിക് റിലേഷൻസ്)